**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 623** **08-10-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടിയിലെ മണിമല നാളികേര പാർക്കിന്റെ പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടിയിലെ മണിമല നാളികേര പാർക്ക് ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; മുമ്പ് നിശ്ചയിച്ച പ്രകാരം നാളികേര പാർക്കിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സാധിക്കുമോ; സാധിക്കുമെങ്കിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടിക്രമവും സമയക്രമവും വിശദമാക്കാമോ; | (എ) | കുറ്റ്യാടിയിലെ മണിമല നാളികേര പാർക്കിന്റെ ആദ്യ ഘട്ട വികസനത്തിനായി 5 ഏക്കർ വികസിപ്പിക്കുന്നതിന് ULCCS-യെ നിയമിച്ചിട്ടുണ്ട്. 5 ഏക്കർ സ്ഥലത്തിലെ മരങ്ങൾ വെട്ടിമാറ്റുന്നതിന്, മരങ്ങളുടെ മൂല്യനിർണ്ണയത്തിനായി സോഷ്യൽ ഫോറെസ്റ്റി വകുപ്പിന് കത്ത് നൽകുകയും തുടർന്ന് സോഷ്യൽ ഫോറെസ്റ്റി വകുപ്പ് ട്രീ കമ്മിറ്റി കൂടി, 5 ഏക്കർ സ്ഥലം സന്ദർശിക്കുകയും ചെയ്തു. മൂല്യനിർണ്ണയ റിപ്പോർട്ട് ലഭിച്ച ശേഷം ഭൂമി വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ബി) | ചുറ്റുമതിൽ, വാച്ച്മാൻ ക്യാബിൻ, ഗേറ്റ് എന്നീ നിർമ്മാണ പ്രവർത്തികൾ എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ബി) | 6 മാസത്തിനുള്ളിൽ പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ചുറ്റുമതിൽ, വാച്ച്മാൻ ക്യാബിൻ, ഗേറ്റ് എന്നീ നിർമ്മാണ പ്രവർത്തനങ്ങൾ Rs.5,53,22,510.49/- + GST രൂപയ്ക്ക് വർക്ക് നൽകി. ചുറ്റുമതിൽ പ്രവർത്തന സ്ഥലങ്ങളിൽ തടസ്സമായി വരുന്ന വൃക്ഷങ്ങൾ മുറിക്കാതെ പ്രവർത്തനം അതിർത്തികളിൽ വരുന്ന 504 മരങ്ങൾ വെട്ടി മാറ്റുന്നതിന് സോഷ്യൽ ഫോറെസ്റ്റി വകുപ്പിനെ കൊണ്ട് മരങ്ങളുടെ മൂല്യനിർണ്ണയം നടത്തി വെട്ടി മാറ്റാനുള്ള നടപടികൾ നടത്തിയിട്ടുണ്ട്. എന്നിരുന്നാലും പാർക്കിന്റെ പ്രധാന കവാടത്തോട് ചേർന്നുള്ള ചുറ്റുമതിലിന്റെ മുൻഭാഗത്തുള്ള നിർമ്മാണ പ്രവർത്തനം സാധ്യമായ ഭാഗങ്ങളിൽ ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ